# മുകുരം




## ജി.എച്ച്.എസ്

## വെണ്ണക്കര

**2025-26**

ACE Scanner



# മുകുരം

## അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**


## GHS VENNAKKARA

**THIRUNELLAI P.O, PALAKKAD, 678004**

**E-mail : ghsvennakkara@gmail.com**


PDF Scanner ACE Scanner

# ഉള്ളടക്കം

1. ആമുഖം

2. അടിസ്ഥാനവിവരങ്ങൾ

3. വിദ്യാലയ ചരിത്രം

4. വിദ്യാലയം മികവിൻറെ കേന്ദ്രം കാഴ്ചപ്പാട്

5. നിലവിലെ അവസ്ഥാ വിശകലനം (ഭൗതികം,അക്കാദമികം,കലാകായിക പ്രവൃത്തി പരിചയം)

6. പദ്ധതിരൂപീകരണപ്രക്രിയ

7. വിഷയമേഖല പ്രവർത്തനങ്ങൾ

8. ഉപസംഹാരം

PDF Scanner ACE Scanner

# ആമുഖം

പാലക്കാട് നഗരസഭയിലെ മുപ്പത്തിനാലാം വാർഡിൽ 2.72 ഏക്കറിൽ സ്ഥിതി ചെയ്യുന്ന വെണ്ണക്കര ഗവണ്മെന്റ് ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചത് 1912 ജൂൺ ഒന്നാം തിയ്യതിയാണ്.

ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2011 ജൂൺ മുതൽ ഹൈസ്കൂൾ ക്ലാസ്സുകൾ ഇവിടെ ആരംഭിച്ചു. തുടർന്ന് അഞ്ചു വർഷത്തോളം യു.പി. സ്കൂളും, ഹൈസ്കൂളും പ്രത്യേക പ്രധാനാധ്യാപകരുടെ കീഴിൽ രണ്ടു വിഭാഗങ്ങളായി പ്രവർത്തിച്ചിരുന്നത്. 2017 ജനുവരി മുതൽ യു.പി. വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി വെണ്ണക്കര ഹൈസ്കൂൾ എന്ന പേരിൽ ഒരു പ്രധാനധ്യാപികയുടെ കീഴിൽ ഏക വിദ്യാലയമായി മാറി.

ഈ വിദ്യാലയത്തിൽ പ്രീപ്രൈമറി മുതൽ പത്താം ക്ലാസ്സു വരെയുള്ള ക്ലാസുകളിൽ എഴുന്നൂറോളം കുട്ടികൾ പഠനം നടത്തുന്നു. ആധുനിക സൗകര്യങ്ങളോടെയുള്ള കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, റീഡിംഗ് റൂം, ഡിജിറ്റൽ ക്ലാസ്സ് റൂമുകൾ, നവീകരിച്ച സ്ത്രീ സൗഹൃദ ടോയ്ലറ്റുകൾ, മികച്ച രീതിയിലുള്ള ഉച്ചഭക്ഷണം, പെൺകുട്ടികൾക്കുള്ള കരാട്ടെ പരിശീലനം, മേളകളിലുള്ള മികച്ച പങ്കാളിത്തം, കൗൺസിലിംഗ് സൗകര്യങ്ങൾ, ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ, വിശാലമായ കളിസ്ഥലം, കുട്ടികൾക്കുള്ള വാഹന സൗകര്യം, കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള വിവിധതരം ക്ലാസ്സുകൾ, സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ള പരിശീലനം, അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രീ-പ്രൈമറി (വർണ്ണക്കൂടാരം) തുടങ്ങി നിരവധി മേന്മകളോടെ ഇന്ന് സ്കൂൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | ജി.എച്ച്.എസ്. വെണ്ണക്കര |
| വിലാസം | : | വെണ്ണക്കര, തിരുനെല്ലായ് പോസ്റ്റ്, പാലക്കാട് 678004 |
| 2. സ്കൂൾ കോഡ് | : | 21124 (എച്ച്.എസ്.) |
| 3. വിദ്യാഭ്യാസ ഉപജില്ല | : | പാലക്കാട് |
| 4. വിദ്യാഭ്യാസ ജില്ല | : | പാലക്കാട് |
| 5. റവന്യൂ ജില്ല | : | പാലക്കാട് |
| 6. ബി.ആർ.സി. | : | പുത്തൂർ |
| 7. സി.ആർ.സി. | : | വെണ്ണക്കര |
| 8. മുൻസിപ്പാലിറ്റി | : | പാലക്കാട് |
| 9. നിയമസഭ മണ്ഡലം | : | പാലക്കാട് |
| 10. ലോകസഭ മണ്ഡലം | : | പാലക്കാട് |
| 11. താലൂക്ക് | : | പാലക്കാട് |
| 12. ഇ-മെയിൽ | : | ghsvennakkara@gmail.com |
| 13. സ്കൂൾ വിക്കി | : | Palakkad (Revenue District)<br>Palakkad (Edl. District)<br>G.H.S. Vennakkara. |



PDF Scanner ACE Scanner

## വിദ്യാലയ ചരിത്രം

പാലക്കാട് മുനിസിപ്പാലിറ്റിയിലെ മുപ്പത്തിനാലാം വാർഡിൽ സ്ഥിതി ചെയ്യുന്ന വെണ്ണക്കര ഗവ. ഹൈസ്കൂളിന്റെ പ്രവർത്തനം 1912 ജൂൺ മാസം ഒന്നാം തിയ്യതി ആരംഭിച്ചതായി രേഖകളിൽ കാണുന്നു. ഈ വിദ്യാലയം കണ്ണാടി പഞ്ചായത്തിലെ വാടപറമ്പ്, കാളിമാടപറമ്പ്, പിരായിരി പഞ്ചായത്തിലെ മോഴിപുലം, പാലക്കാട് മുനിസിപ്പാലിറ്റിയിലെ 32, 33, 34, 35 എന്നീ വാർഡുകളും ഉൾക്കൊള്ളുന്ന വലിയൊരു ഭൂഭാഗത്തെ ജനങ്ങളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പുരോഗതിയിൽ മഹത്തായ പങ്കുവഹിച്ചു വരുന്നു.

വെണ്ണക്കര മുനിസിപ്പാലിറ്റി സ്കൂൾ ആരംഭിച്ചത് ഇപ്പോൾ ബിഷപ്പ് ഹൗസ് കെട്ടിടം നിൽക്കുന്ന കോമ്പൗണ്ടിനു വടക്കുള്ള പറമ്പിൽ നാലു മുറികളുള്ള ഒരു കെട്ടിടത്തിലായിരുന്നു തൊണ്ടിക്കുളം ചാമി അയ്യർ വക കൃഷിസ്ഥലത്ത് ഉള്ള കെട്ടിടം മുനിസിപ്പാലിറ്റിക്ക് വാടകക്ക് നൽകിയതായിരുന്നു.

ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്കൂൾ കെട്ടിടത്തിന്റെ തെക്കു ഭാഗത്തുള്ള നെൽപ്പാടങ്ങൾ പ്രമാണിയായ സക്കീർ സാഹിബ് (റാവുത്തർ) വാങ്ങിക്കുകയും കതിരപ്പറത്തു വന്ന് കൃഷി സ്ഥലം നോക്കി പരിപാലിക്കുകയും ചെയ്തിരുന്നു പിന്നീട് കോട്ടയ്ക്കൽ ആര്യവൈദ്യ ശാലക്കാർ കൃഷി വാങ്ങിക്കുകയും നെല്ലും മറ്റും സൂക്ഷിക്കുവാൻ ഒരു കെട്ടിടം ഉണ്ടാക്കുകയും ചെയ്തിരുന്നതായും പറയപ്പെടുന്നു. ഇതിനിടയിൽ കല്പാത്തി ശേഖരിപുരം ഗ്രാമത്തിലെ വിശ്വനാഥയ്യർ സിലോണിൽ പോയി ജോലിയിൽ നിന്ന് വിരമിച്ച് നാട്ടിലെത്തുകയും കൃഷിയും ഈ കെട്ടിടവും വാങ്ങിച്ച് ഭാര്യ എസ്.പി. അലമേലു അമ്മാളുടെ പേരിലാക്കുകയും ചെയ്തു കെട്ടിടം മുനിസിപ്പാലിറ്റിക്ക് സ്കൂൾ ആവശ്യത്തിന് വാടകയ്ക്ക് കൊടുത്തു സ്കൂളിൽ അഞ്ചാം തരം വരെ ആയിരുന്നു അധ്യാപനം. ഒന്നാം ക്ലാസ്സു മാത്രം 2 ഡിവിഷനും ബാക്കി ഓരോ ക്ലാസ്സും ആയിരുന്നു. ശ്രീ. ടി.കെ. രാമകൃഷ്ണയ്യർ, അച്യുതമേനോൻ, സ്കൗട്ട് മാസ്റ്റർ, രാമാനുജം, ആറുമുഖൻ, ഗോപാലമൂത്താൻ, ലക്ഷ്മി അമ്മ തുടങ്ങിപലരും സ്കൂളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1947 മേപ്പറമ്പ് നിവാസിയായ ഡെയ്സി സ്റ്റീഫൻ പ്രധാനധ്യാപികയായി ചാർജെടുത്തു. കാലക്രമേണ സ്കൂൾ പ്രവർത്തനം വിജയിപ്പിക്കുന്നതിൽ കാര്യമായി പങ്കുവഹിച്ചു. ഒരു കെട്ടിടം കൂടി നിർമ്മിച്ചു കുട്ടികളുടെ എണ്ണം വർദ്ധിച്ചു.



PDF Scanner ACE Scanner

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

- ഒരു ശിശുവിന്റെശരീരത്തിലും മനസ്സിലും ആത്മാവിലും ഉള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭാസം എന്ന ഗാന്ധിയൻ ദർശനത്തെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കി പണിയുക.
- പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ
- പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽകാലിക വാസികൾ മാത്രമാണ് മനുഷ്യൻ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.
- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക.
- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- എൽ.കെ.ജി. മുതൽ പത്താം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാകാനു തകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ
- അധ്യാപനവും അദ്ധ്യായനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷമാക്കിയും പിന്തുണ നൽകുകയും കൊഴിഞ്ഞ് പോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കുക



PDF Scanner ACE Scanner

- അവസരത്തുല്യത, സാമൂഹിക രീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും വികസിക്കുക.
- അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ ഉറപ്പാക്കുക.
- മൂന്ന് ഭാഷകളിൽ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) മികച്ച ആശയ വിനിമയശേഷി കൈവരിക്കുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തി എടുക്കുക.
- മാലിന്യ നിർമ്മാജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക .
- ആധുനിക സാങ്കേതിക വിദ്യാ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി LP/UP ക്ലാസ് മുറികൾഹൈടെക്ക് ആക്കുക.
- പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാരയിലെത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിചേരുകയും ചെയ്യുന്നു.
- സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക.
- പഠന വിഷയങ്ങളിൽ ആശയദൃഢത ഉണ്ടാക്കുക. കണക്ക്, സയൻസ്, ഐ.ടി. വിഷയങ്ങളിൽ ധാരണയും കഴിവും നേടുക.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.

## നിലവിലെ അവസ്ഥാ വിശകലനം

### ഭൗതികം - നേട്ടങ്ങൾ

- ഹൈ സ്കൂളിലെ മുഴുവൻ ക്ലാസ്സ് മുറികളും RMSA ഫണ്ട് ഉപയോഗിച്ച് ഹൈ ടെക് ആക്കിയിട്ടുണ്ട്.
- RMSA ഫണ്ട് ഉപയോഗിച്ച് നിർമിച്ച 60 പേർക്ക് ഇരിക്കാവുന്ന സ്മാർട്ട് റൂം നിലവിലുണ്ട്.
- മുനിസിപ്പാലിറ്റി ഫണ്ട് ഉപയോഗിച്ച് അടുക്കള പണി കഴിപ്പിച്ചു .
- പൊതു ജനങ്ങൾക്കും സ്കൂൾ ആവിശ്യങ്ങൾക്കുമായി ശ്രീ ഹനീഫയുടെ സംഭാവനായി സ്കൂൾ കോമ്പൌണ്ടിൽ കിണർ പണിതു.
- ഹാളിൽ സംഭാവന ലഭിച്ച മൈക്ക്, സ്പീക്കർ എന്നിവയുണ്ട് .
- പെൺകുട്ടികൾക്കായി സ്ത്രീ സൌഹൃദ ടോയ്ലെറ്റുകൾ ലഭിച്ചിട്ടുണ്ട്.
- MLA / MP ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടം ട്രേസ് വർക്ക് ചെയ്യുകയും മുകളിലേക് പ്രവേശിക്കുവാൻ കോണി നിർമ്മിക്കുകയും ചെയ്തു.
- മുനിസിപ്പാലിറ്റിയിൽ നിന്നും 35 ഡസ്കുകളും 45 ബെഞ്ചുകളും ലഭിച്ചു.
- വാഹന പാർക്കിംഗ് ഷെഡ് നിർമ്മിച്ചു.
- മുനിസിപ്പാലിറ്റി ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടം പെയിന്റ് ചെയ്തു മനോഹരമാക്കി.
- വിദ്യാഭ്യാസ വകുപ്പിന്റെ സ്റ്റാർസ് പദ്ധതി പ്രകാരം പ്രീ പ്രൈമറി കുട്ടികൾക്കായി "വർണ്ണക്കൂടാരം"പണി കഴിപ്പിച്ചു .
- ഭൗതികം പരിമിതികൾ
- വായനയ്ക്കായി പുസ്തകങ്ങൾ ഉണ്ടെങ്കിലും ലൈബ്രറി റൂം, റീഡിംഗ് റൂം എന്നിവ പ്രത്യേകമില്ല.
- സ്റ്റീമർ അടുക്കള ആവിശ്യമുണ്ട്.
- പൊതു സ്റ്റാഫ് റൂം നിലവിലില്ല.
- സബ്ജക്റ്റ് ലാബുകൾ കൌൺസിലിംഗ് റൂം എന്നിവയില്ല .
- പൊതുവായ ഓഡിറ്റോറിയമില്ല.
- സ്കൂൾ മുറ്റം ട്രേസ് വർക്ക് ചെയ്യേണ്ടതുണ്ട്.
- സിക്ക് റൂം, റസ്റ്റ് റൂം എന്നിവയില്ല.
- പെൺകുട്ടികല്ക്കായി സാനിട്ടറി പാഡ് വെണ്ടിംഗ് മെഷീൻ ആവിശ്യമുണ്ട് .
- ഭോജനശാല അത്യാവശ്യമാണ്.
- കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിലുള്ള ക്ലാസ്സ് മുറികൾ (ഓടിട്ട കെട്ടിടം ) പൊളിച്ചുമാറ്റി രണ്ടോ മൂന്നോ നിലകളിലായി നിർമ്മിക്കേണ്ടതുണ്ട്.



ACE Scanner

- ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക്, ബട്ടർഫ്ലൈ പാർക്ക് എന്നിവ ആവിശ്യമാണ്.

## അക്കാദമികം

**നേട്ടങ്ങൾ**

- SSLC റിസൾട്ടിൽ തുടർച്ചയായ മൂന്നാം വർഷവും നൂറുശതമാനം വിജയം കൈവരിക്കാനും ഫുൾ A+ കളുടെ എണ്ണം വർധിപ്പിക്കാനും കഴിഞ്ഞു.
- LSS, USS, NMMS പരീക്ഷകളിൽ പങ്കെടുത്തു സ്കോളർഷിപ്പുകൾ നേടി.
- ശ്രദ്ധ, സുരീലി ഹിന്ദി, ഹലോ ഇംഗ്ലീഷ് എന്നീ ക്ലാസ്സുകളിലൂടെ കുട്ടികളിൽ പഠന നിലവാരം മെച്ചപ്പെട്ടു.
- JRC യൂണിറ്റ് സ്കൂൾ അച്ചടക്കം, ശുചിത്വം എന്നിവയ്ക്ക് നേതൃത്വം നൽകുന്നു.
- ലിറ്റിൽ കൈറ്റ്സ് IT പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു.
- ദിനാചരണങ്ങളും ക്ലബ് പ്രവർത്തനങ്ങളും ഊർജ്ജിതമായി നടക്കുന്നു.
- അക്കാദമികം – പരിമിതികൾ
- വിഷയാടിസ്ഥാനത്തിൽ ലാബ് / ലബോറട്ടറികൾ എന്നിവയില്ല.
- ലൈബ്രറി റൂം, റീഡിംഗ് റൂം എന്നിവയില്ല.
- LP/ UP ക്ലാസ്സുകൾ ഹൈ ടെക് അല്ല.
- **കലാ കായിക പ്രവൃത്തി പരിചയം**
- നേട്ടങ്ങൾ
- സബ് ജില്ലാ, ജില്ലാതല മേളകളിൽ മികച്ച ഗ്രേഡുകൾ ലഭിച്ചു .
- ജില്ലാ, സംസ്ഥാന തല കായിക മേളകളിൽ ഹൈസ്കൂൾ കുട്ടികളെ പങ്കെടുപ്പിക്കാനും ഗ്രേഡുകൾ നേടാനും കഴിഞ്ഞു.
- ദേശീയതല കായികമേളയിൽ ഹൈസ്കൂളിൽ നിന്നും പങ്കാളിത്തമുണ്ടായി.
- പ്രവൃത്തിപരിചയ മേളയിൽ സബ് ജില്ലാതലം , ജില്ലാതലം എന്നിവയിൽ പങ്കെടുപ്പിച്ച് ധാരാളം എ ഗ്രേഡുകൾ നേടി.
- സബ് ജില്ലാതലത്തിൽ മത്സരിച്ച് വിജയിച്ച് പെൺകുട്ടികളുടെ ഹാൻഡ് ബാൾ ടീം ജില്ലാതല പങ്കാളിത്തം ഉറപ്പാക്കി.
- ലഹരി വിരുദ്ധ കാമ്പയിന്റെ ഭാഗമായി എക്സൈസ് വകുപ്പ് നടത്തിയ ഫുട്ബാൾ ടൂർണമെന്റിൽ വെണ്ണക്കരയുടെ ഫുട് ബാൾ ടീം RUNNER UP ആയി.

## പരിമിതികൾ

- കലാ കായിക പ്രവൃത്തിപരിചയ പരിശീലനത്തിന് പൂർണസമയ അധ്യാപകരുടെ സേവനം ലഭ്യമല്ല.

- മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും തുടർന്നുള്ള ചെലവുകൾക്കും ആവശ്യമായ സാമ്പത്തികം പര്യാപ്തമല്ല.
- കലാപരിശീലനത്തിനു ഗാർഹിക പിന്തുണ ലഭ്യമല്ല.
- സമീകൃതാഹാരത്തിന്റെ കുറവ് കായിക മികവിന് തടസ്സം നില്ക്കുന്നു.
- കളിയുപകരണങ്ങൾ സൂക്ഷിക്കാനുള്ള സ്റ്റോർ റൂം ഇല്ല.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

വിദ്യാലയത്തിലെ നല്ലൊരു വിഭാഗം വിദ്യാർത്ഥികളും സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്ക മേഖലയിൽ നിന്നും വരുന്നവരാണ്. തമിഴ്ഭാഷയുടെ സ്വാധീനവും ഭാഷാപഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.

- കുട്ടികളുടെ രക്ഷിതാക്കളിൽ 85%ത്തിലധികവും പ്രൈമറി വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ സാധിക്കാത്തവരാണ്. അതിനാൽ മക്കളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ രക്ഷിതാക്കളുടെ ഇടപെടലും സാന്നിധ്യവും കുറവാണ്.
- വീടുകളിലെ സംസാരഭാഷ തമിഴ് ആയതുകൊണ്ടും രക്ഷിതാക്കളുടെ മാതൃഭാഷ തമിഴ് ആയതും മലയാളഭാഷാ പഠനത്തെ പ്രതിസന്ധിയിലാക്കുന്നു.
- സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള രക്ഷിതാക്കളായതിനാൽ ഉപജീവനത്തിനായി മാതാപിതാക്കൾ രാവിലെ 7.30 മുതൽ വൈകീട്ട് 7.30 വരെ വീട്ടുകളിൽ നിന്ന് വിട്ടു നിൽക്കുന്നു. ഇത് വിദ്യാർത്ഥികളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നു.
- രക്ഷിതാക്കളുടെയും, കുടുംബാംഗങ്ങളുടെയും ലഹരി ഉപയോഗം കുട്ടികളുടെ മാനസിക വളർച്ചയ്ക്കും പഠനത്തിനും തടസ്സം നിൽക്കുന്നു.
- പഠനത്തിന് വേണ്ടത്ര പ്രാധാന്യം നൽകാതെ ഇടയ്ക്കിടെ എടുക്കുന്ന അവധികളും പഠനത്തെ ബാധിക്കുന്നു.
- കുടുംബ ബന്ധങ്ങളിലെ തകർച്ചകൾ, വഴക്കുകൾ എന്നിവ ശാരീരികമായും, മാനസികമായും വിദ്യാഭ്യാസപരമായുമുള്ള വിദ്യാർത്ഥികളിലെ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നു.



PDF Scanner ACE Scanner

## പദ്ധതി രൂപീകരണ പ്രക്രിയ

20.05.2025 :ഹെഡ്മിസ്ട്രസിൻറെ നേതൃത്വത്തിൽ സ്കൂൾ SRG, സബ്ജക്ട് കൗൺസിൽ എന്നിവരെ ഉൾപ്പെടുത്തി യോഗം കൂടി. അക്കാദമിക മാസ്റ്റർ പ്ലാൻ പദ്ധതി തയ്യാറാക്കുന്നതിൻറെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്ത് പൊതുധാരണയിലെത്തി.

22.05.2025 : SRG കൺവീനർമാരും സബ്ജക്ട് കൗൺസിൽ കൺവീനർമാരും പദ്ധതിയുടെ കരട് രൂപരേഖ തയ്യാറാക്കി അവതരിപ്പിച്ച വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

27.05.2025 :പദ്ധതിയുടെ രൂപരേഖ തയ്യാറായി.

30.05.2025: BRCയിൽ നടന്ന യോഗത്തിൻറെ അടിസ്ഥാനത്തിൽ പദ്ധതിയുടെ രൂപരേഖയിൽ വേണ്ട മാറ്റങ്ങൾ നടത്തി.

06.06.2025:പ്രധാന അധ്യാപിക, പി.ടി.എ, SMC, SMDC, MPTA, SRG കൺവീനർമാർ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരുടെ സംയുക്തയോഗത്തിൽ കരട് പദ്ധതി രൂപരേഖ പരിശോധനയും, നിർദ്ദേശങ്ങളും കൂട്ടിച്ചേർക്കലും മെച്ചപ്പെടുത്തലും.

27.06.2025 :സ്കൂൾ അസംബ്ലിയിൽ എച്ച്. എം പ്രകാശനം ചെയ്തു.



PDF Scanner ACE Scanner

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| | | പി ടി എ ശക്തിപ്പെടുത്തൽ |
| ഭാഷാശേഷി വികസനം | ചിൽഡ്രൻസ് പാർക്ക് | |
| ഗണിതശേഷി വികസനം | ലൈബ്രറി, റീഡിംഗ് റൂം | |
| എസ്സ്.എം.സി,എസ്സ്.എം.ഡി.സി | | |
| | | കാര്യക്ഷമമാക്കൽ |
| ക്ലാസ്സ് പി.ടി.എ സജീവമാക്കൽ | | വിദ്യാലയ വികസന സമിതി |
| ഇംഗ്ലീഷ് പഠന പരിപോഷണം | ഡൈനിംഗ് ഹാൾ | പൂർവ്വ വിദ്യാർത്ഥി |
| ശാസ്ത്രപോഷണ പരിപാടി | അസംബ്ലി ഹാൾ | സംഘടനയുടെ പ്രവർത്തനം |
| ഭാഷാലാബ് | | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, |
| വായനാ പരിപോഷണം | ലബോറട്ടറി | സന്നദ്ധ സംഘടനകൾ, |
| ദിനാചരണം | സ്റ്റീമർഅടുക്കള | |
| കായിക പഠനം | സ്റ്റാഫ് റൂം | |
| വിദ്യാഭ്യാസപ്രവർത്തനകൾ, | | പൂർവ്വാധ്യാപകൾ, |
| സ്കോളർഷിപ്പ് പരീക്ഷ | സബ്ജക്ട് ലാബുകൾ | |
| സഹകരണ | | സ്ഥാപനങ്ങൾ |
| പോഷകാഹാര പരിപാടി | | എന്നിവയുടെ സേവനം |
| ഠേം മൂല്യനിർണയം | | പ്രയോജനപ്പെടുത്തൽ |
| പ്രയോജനപ്പെടുത്തൽ | | |
| ഐ ടി പരിശീലനം | | |
| നിരന്തര വിലയിരുത്തൽ | | |
| ലബോറട്ടറികൾ | കൗൺസിലിംഗ് റൂം | |
| എസ്സ്.ആർ.ജി ശാക്തീകരണം | സ്റ്റോർറൂം | |
| സ്കൂൾപത്രം | (കായിക ഉപകരണങ്ങൾ) | |
| ലൈബ്രറി ശാക്തീകരണം | | വിദ്യാലയ മികവുകൾ |
| പൊതു | | |
| പ്രവർത്തി പരിചയ പഠനം | സമൂഹമായി പങ്കിടൽ | |
| ലബോറട്ടറി | | ഭവന സന്ദർശനം |
| ആധുനികവത്കരിക്കൽ | | |
| ജൈവ വൈവിധ്യ പാർക്ക് | | മെഡിക്കൽ ക്യാമ്പുകൾ |
| പഠനയാത്രകൾ | | |
| കലാകായിക മേള | | |



PDF Scanner ACE Scanner

# പ്രവർത്തനം - വിശദാംശങ്ങൾ

## ഉപമേഖല - മലയാളം

### പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1).എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷിവികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപര പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) അക്ഷരം ഉറപ്പിക്കൽ<br>2)ചിഹ്നം ഉറപ്പിക്കൽ<br>3) പദ നിർമ്മാണം<br>4)വാക്യനിർമ്മാണം<br>5) ഭാഷാപരമായി | 2 മാസം 1 വർഷ കാലം | മലയാളം ടീച്ചർ SRG | PTA, Dept. |
| 2).എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് മുറി . വായനാ രൂപീകരി<br>2. ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനി 3)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9. ജന്മദിന പുസ്തകം<br>10. പത്രവായന | 6മാസം- 1 വർഷം<br>ആവിശ്യമനുസരിച്ച്<br>3 മാസം<br>6 മാസം- 1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ | PTA<br>PTA 10,00,000 |

ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെവികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | - |

## ഉപമേഖല - ഇംഗ്ലീഷ് ഭാഷാ

### പഠനം പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2). ഇംഗ്ലീഷ് ക്ലബ്ബി ന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ ഇംഗ്ലീഷിൽ ഡിബേറ്റ്, സെമി നാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി, ക്ലാസ്സ് ടീച്ചർ | |
| | 3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ്ടീച്ചർ | |
| | 4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് ഓരോ കുട്ടിയും | എല്ലാ ദിവസവും തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ | |

### പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മകശേഷി വികസനം | ഇംഗ്ലീഷ് കഥ , കവിത – രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീക്കരിക്കൽ - (CPTA) | 3 മാസത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000<br>2000 PTA |

| | | | | |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷഉപയോഗിക്കുന്നതിനു ള്ള ശേഷി നേടൽ | പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റി അവതരണം: സ്കിറ്റ്, നാടകം, സംഭാഷണം ഇടങ്ങിയ രീതികൾ.<br>ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്.<br>ഇംഗ്ലീഷ് സിനിമാ പ്രദർശനം. | മാസത്തിൽ ഒരിക്കൽ<br>ആഴ്ചയിൽ ഒരു ദിവസം രണ്ട് മാസത്തിൽ<br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ | PTA<br>PTA 1000 for refreshment |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | സ്കൂൾ അധിക സമയംകണ്ടെത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ്<br>കുട്ടികളുടെ രചനകൾ ഡിജിറ്റൽ മാഗസിനിൽ ചേർക്കൽ | വർഷാവസാനം | ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി | |
| വായനപരിപോഷിപ്പിക്കൽ | സ്കൂൾ ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകം എന്നിവ ഉൾകൊള്ളിക്കൽ - വായനക്കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| വ്യത്യസ്ത പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ അവതരിപ്പിക്കാനുള്ള അവസരം | ഇംഗ്ലീഷ് ഫെസ്റ്റ് | വർഷത്തിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | 1500 |
| സംസാരശേഷി വികസനം | രണ്ടുമിനിറ്റിൽ സംസാരം | ദിവസവും ഇംഗ്ലീഷ് പീരീഡ് | ഇംഗ്ലീഷ് ടീച്ചർ | - |



PDF Scanner ACE Scanner

| | | | | |
|---|---|---|---|---|
| പദസമ്പത്ത് വർധിപ്പിക്കൽ | സ്പെൽ ബീ | വർഷത്തിൽ ഒരു പ്രാവിശ്യം | ഇംഗ്ലീഷ് ടീച്ചർ | 1500 |

## ഉപമേഖല –ഹിന്ദി

### മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നത് പോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവുണ്ടാക്കുക | 8, 9 ക്ലാസ്സുകളിൽ 10 മിനിറ്റ് അക്ഷരം വായനക്കും വാക്കുള്ളി വായനക്കും ഉപയോഗപ്പെടുത്തുക. | 2 മാസം | ഹിന്ദി ടീച്ചർ | |
| | ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക | | ഹിന്ദി ടീച്ചർ | |
| | ഹിന്ദിക്ലബിനെ ഊർജ്ജസ്വലമാകി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക | | ഹിന്ദി ടീച്ചർ | |
| | ആഴ്ചയിൽ ഒരു തവണ ഹിന്ദി ഭാഷയിൽ ഹിന്ദി അസ്സെംബ്ലി നടത്തുക | | ഹിന്ദി ടീച്ചർ | |
| | ഹിന്ദി വായന മത്സരം, എഴുത്ത് മത്സരം നടത്തുക | | ഹിന്ദി ടീച്ചർ | |
| | കുട്ടികളെ ഗ്രൂപ്പുകളാക്കി ചെറിയ വിഷയങ്ങൾ എഴുതുവാനുള്ള കഴിവുവർദ്ധിപ്പിക്കുക | | ഹിന്ദി ടീച്ചർ | |
| | ഹിന്ദി പ്രസംഗം, കവിതാലാപനംഎന്നിവ പരിപോഷിപ്പിക്കുക | | ഹിന്ദി ടീച്ചർ | |

## ഉപമേഖല – അറബിക്ക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | സാമ്പത്തികം |
| --- | --- | --- | --- | --- |
| അറബിഭാഷ പഠിക്കാനും ആശയവിനിമയം നടത്താനുമുള്ള കഴിവുവികസിപ്പിക്കുക | മികവിന്റെ വഴിയിൽ : പ്രൈമറി ക്ലാസ്സ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക മുന്നറിവ്പരിശോധിക്കൽ അക്ഷരങ്ങൾ ഉച്ചരിക്കുന്നതിലും എഴുതുന്നതിലും പരിശീലനം നല്കൽ വാചകങ്ങൾനിർമിക്കൽ ഭാഷ കളികൾ | 2 മാസം | പുസ്തകങ്ങൾ, വർക്ക് ഷീറ്റുകൾ, വീഡിയോകൾ, എ.ഐ ടൂളുകൾ | BRC<br>LSG<br>SMC<br>PTA |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ കുട്ടികളിലും ഉറപ്പുവരുത്തുക | വായനവസന്തം വായന മത്സരം ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി ഇ വായന വായന കുറിപ്പുകൾ പത്രവായന വീഡിയോ | 6 മാസം | പത്രങ്ങൾ സ്കൂൾ ലൈബ്രറിമാഗസിനുകൾ പുസ്തകങ്ങൾ | BRC<br>LSG<br>SMC<br>PTA |
| വായനകളിലൂടെയും എഴുത്തിലൂടെയും ഭാഷശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക | എഴുത്തുൽസവം എഴുത്തുകൂട്ടം പതിപ്പുനിർമാണം ചുമർചിത്രങ്ങൾ, പോസ്റ്ററുകൾ ഭാഷാകളികൾ | 12 മാസം | അസ്സംബ്ലി, പത്രങ്ങൾ | PTA<br>BRC |
| മൂല്യങ്ങളും മനോഭാവങ്ങളും ഉറപ്പുവരുത്തുക ഐ.സി.റ്റി സാധ്യത ഉറപ്പുവരുത്തുക | അറബിക്ക് കമ്യൂണിക്കേഷൻ ആശയവിനിമയം വേദി ക്ലാസ്സ് തലം സ്കൂൾ തലം യാത്രകൾ അറബിക്ക് മേള ഭാഷകളികൾ അറബിക്ക് അസ്സംബ്ലി ഭാഷ ക്യാമ്പ് | 24 മാസം | ICT, പുസ്തകങ്ങൾ, വീഡിയോകൾ | BRC<br>LSG<br>SMC<br>PTA |
| സർഗശേഷി വികസനം | ലാംഗ്വേജ് ലാബ് സ്മാർട്ട് റൂം ചിത്രീകരണങ്ങൾ വീഡിയോആനിമേഷൻ | 36 മാസം | | BRC<br>LSG<br>PTA |

## ഉപമേഖല –സോഷ്യൽ സയൻസ് (മോക്ക് പാർലമെന്റ്)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് (ലാപ്പ്ടോപ്പ്) വോട്ടെടുപ്പ് നടത്തി സ്കൂൾപാർലമെന്റ്പ്രതിനിധികളെ പാർലമെന്റ് മീറ്റിംഗ് സംഘടിപ്പിക്കുന്നു | വർഷത്തിൽ 4 തവണ | SS ടീച്ചർ,അധ്യാപകർ,സ്കൂൾ പാർലമെന്റ് ഭാരവാഹികൾ | |
| **നാടൻ ഭക്ഷ്യമേള** | | | | |
| നാടൻ ഭക്ഷണം ആരോഗ്യത്തിന് ഗുണകരം | അഞ്ചാം ക്ലാസ്സിലെ ആദ്യ പാഠമായ പഴമയുടെ ഗ്രാമവുമായി ബന്ധപ്പെട്ട് നടത്തുന്നനാടൻ ഭക്ഷ്യമേള | ജൂൺ | SS ടീച്ചർ | |
| **Virtual Field Trip & Field Trip** | | | | |
| കുട്ടികളിൽചരിത്രാവബോധം വളർത്തുക | ആറാം ക്ലാസ്സിലെ ഒന്ന് രണ്ട്അധ്യായങ്ങൾICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു<br>എട്ടാം ക്ലാസ്സിലെ 'ആദ്യകാല മനുഷ്യ ജീവിതം'<br>ഒൻപതാം ക്ലാസ്സിലെ 'ശിലായുഗത്തിൽ നിന്ന് മുന്നോട്ട്' എന്നിപാഠഭാഗങ്ങളിലെനവീന ശിലായുഗ കേന്ദ്രമായ ഇടക്കൽ ഗുഹ സന്ദർശിക്കുന്നു കൂടാതെ പ്രാചീന ശിലായുഗ അവശിഷ്ടങ്ങൾ സൂക്ഷിക്കപ്പെട്ട മ്യൂസിയംഎന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ജൂലൈ ഓഗസ്റ്റ്<br>നവംബർ | SS ടീച്ചർ<br>ടൂർ കോർഡിനേറ്റർ അധ്യാപകർ | |
| **ആൽബം: MYOWNATLAS** | | | | |
| വിവിധപാഠഭാഗങ്ങളുമായി ബന്ധപെട്ട ശേഖരണത്തിലൂടെയും ATLAS നിർമാണത്തിലൂടെയും | 5,6,7 ക്ലാസ്സുകളിലെവിവിധപാഠഭാഗങ്ങളുമായിബന്ധപെട്ട് ചിത്രശേഖരണം നടത്തി ആൽബം തയ്യാറാക്കുന്നു 9,10ക്ലാസ്സുകളിലെവിവിധപാഠഭാഗങ്ങളുമായിബന്ധപെട്ട് ചെയ്യു മാപ്പ് | ആഗസ്റ്റ്-സെപ്റ്റംബർ | SS ടീച്ചർ | |

| | | | | |
|---|---|---|---|---|
| ശേഖരണത്തോടൊ പ്പം വളർത്തുന്നു. കാലക്രമം, പ്രത്യേകതകൾ എന്നിവ അനുസരിച്ച് ക്രമീകരണ മികവ് വളരുന്നു | വർക്കുകൾ ഉൾപ്പെടുത്തിMYOWNATLAS തയ്യാറാക്കുന്നു | ജൂൺ-ഒക്ടോബർ | | |
| **സെമിനാർ** | | | | |
| സെമിനാർ അവതരണത്തിലൂടെ വിവര ശേഖരണം വിശകലം അവതരണ പാടവം എന്നിവ വളർത്താൻ കഴിയുന്നു | UPHS തലങ്ങളിൽ വിവിധ സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളുമായി ബന്ധപ്പെടുത്തിയും പാഠഭാഗങ്ങളുമായിബന്ധപ്പെടുത്തിയും സെമിനാറുകൾ സംഘടിപ്പിക്കുന്നു | ജൂലൈ സെപ്റ്റംബർ ഒക്ടോബർ | SS ടീച്ചർ | |
| **ട്രാഫിക് നിയമ ബോധവല്കരണം** | | | | |
| റോഡ് സുരക്ഷ, ട്രാഫിക് സംസ്കാരം എന്നിവ വളർത്തുക | വിവിധ ട്രാഫിക് നിയമങ്ങളെ സംബന്ധിച്ചും റോഡ് സുരക്ഷയെ സംബന്ധിച്ചും ബോധവൽകരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു | ഒക്ടോബർ നവംബർ | SS ക്ലബ് വിശിഷ്ടാതിഥി | |
| **ഫിലിം ഫെസ്റ്റിവൽ** | | | | |
| സാമൂഹ്യ പ്രസക്തിയുള്ള വിഷയത്തിൽ കുട്ടികളുടെ ഇഷ്ടമാധ്യമത്തിലൂടെയുള്ള ബോധവല്കരണം | സാമൂഹ്യ പ്രസക്തിയുള്ളതും കുട്ടികൾ കണ്ടിരിക്കേണ്ടതുമായ സിനിമ/ ഡോക്യുമെന്ററികൾ എന്നിവയുടെയും പ്രദർശനം സർക്കാർ, സർക്കാരിതരഏജൻസികളുടെ സഹായത്തോടെ സംഘടിപ്പിക്കുന്നു | ഡിസംബർ ജനുവരി | SS ക്ലബ് | |
| **നാടകശില്പശാല** | | | | |
| നാടകകല പ്രോത്സാഹിപ്പിക്കൽ | വിദഗ്ദരുടെനേതൃത്വത്തിൽ കുട്ടികൾക്കായിനാടകശില്പശാലസംഘടിപ്പിക്കുന്നു | ജനുവരി ഫെബ്രുവരി | | |

## ഉപമേഖല- ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ അവതരിപ്പിക്കുന്നു | വർഷത്തിൽ 3 തവണ | ശാസ്ത്രാധ്യാപകർ | പി ടി എ |
| | സ്കൂൾതല സയൻസ് എക്സിബിഷൻ | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ് | |
| | സർവേവഴി ഗവേഷണാത്മക പ്രൊജക്റ്റ് ഏറ്റെടുത്തുള്ള പഠനം, അഭിമുഖം, നിരീക്ഷണം | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ് | |
| ശാസ്ത്രമേളകളിൽ പൂർണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുത്ത കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ ഒരു തവണ | സയൻസ് അധ്യാപകർ | പി ടി എ |
| ശാസ്ത്രലാബ് നവീകരണം: ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജിവിഷയങ്ങളുമായി ബന്ധപെട്ട ഉപകരണങ്ങൾ പ്രത്യേകം സജ്ജീകരിക്കൽ, ലാബ് ശുചീകരണം | വർഷത്തിൽ ഒരു മാസം | സയൻസ് ക്ലബ് | |
| ക്ലാസ്സ് മുറികളിൽ 'ശാസ്ത്രവിസ്മയച്ചുമർ' തയ്യാറാക്കൽ | പാഠഭാഗങ്ങളുമായി ബന്ധപെട്ട ഉല്പന്നങ്ങളുടെ പ്രദർശനം ക്ലാസ്സ് മുറികളിൽ | മാസത്തിൽ ഒരു തവണ | സയൻസ് ടീച്ചർ | |
| ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ കവിതകൾ ഇങ്ങിനെയവ ഉപയോഗപ്പെടുത്തി ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | മൂന്ന് മാസത്തിൽ ഒരു തവണ | സയൻസ് ടീച്ചർ | |
| മോഡൽ നിർമ്മാണം | ശാസ്ത്രവുമായി ബന്ധപ്പെട്ട മോഡൽ നിർമ്മാണം | ഒരു മാസം | സയൻസ് ടീച്ചർ | |
| ശാസ്ത്ര ഉപകരണ നിർമ്മാണ ശില്പശാല | ശാസ്ത്രഉപകരണങ്ങളുടെ നിർമ്മാണം | ഒരു മാസം | സയൻസ് ടീച്ചർ | |



PDF Scanner ACE Scanner

| | | | | |
|---|---|---|---|---|
| ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | പ്രകൃതി വിഭവ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണർത്തുക എന്ന ആശയം പ്രാവർത്തികമാക്കുന്നു | മൂന്ന് മാസം | ഇക്കോ ക്ലബ് | പിടി എ |
| സ്കൂൾ മുറ്റത്തെ ഔഷധ തോട്ടം വിപുലപ്പെടുത്തൽ | ഔഷധസസ്യങ്ങളെയും അവയുടെ പ്രാധാന്യത്തെയുംതിരിച്ചറിയുന്നതിനം, ഔഷധത്തോട്ടം വിപുലപ്പെടുത്തൽ, സസ്യങ്ങളുടെ നാമകരണം | മൂന്ന് മാസം | സയൻസ് ക്ലബ് ഇക്കോ ക്ലബ് | പിടി എ |
| ക്ലാസ്സ് മുറികളിൽ പരീക്ഷണ നിരീക്ഷണ ഗവേഷണ അന്തരീക്ഷം ഉണ്ടാക്കുന്നു | ശാസ്ത്രകിറ്റ് | ജൂൺ - മാർച്ച് | സയൻസ് ക്ലബ് | പിടി എ |
| ഭക്ഷ്യമേള | ചെറുധാന്യങ്ങളുടെയും പോഷകാഹാരത്തിന്റെയും പ്രാധാന്യം മനസിലാക്കുന്നതിനു വേണ്ടിയും ഭക്ഷ്യ മേള സംഘടിപ്പിക്കുന്നു | വർഷ ത്തിൽ ഒരു തവണ | സയൻസ് ക്ലബ് | പിടി എ |
| ഫീൽഡ് ട്രിപ്പ് | പാഠ ആശയങ്ങളുമായി ബന്ധപെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | വർഷ ത്തിൽ ഒരു തവണ | സയൻസ് ക്ലബ് | പിടി എ |
| ശാസ്ത്രാഭിരുചി, നിലവാരമുയർത്തൽ | ശാസ്ത്രവിഷയങ്ങളിൽ ഉയർന്ന നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു.സെമിനാർ, ക്വിസ്, ചർച്ചകൾ | വർഷ ത്തിൽ മൂന്ന് തവണ | സയൻസ് ടീച്ചർ , ക്ലബ് | പിടി എ |
| ശാസ്ത്രവിഷയങ്ങളിൽ പിന്നോക്കാവസ്ഥ പരിഹരിക്കൽ | Special classes<br>Team teaching | ജൂൺ-മാർച്ച് | സയൻസ് ടീച്ചർ | പിടി എ |
| പ്ലാസ്റ്റിക് മാലിന്യ വിമുക്ത ക്യാമ്പസ് | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധന ക്യാമ്പസ് | ജൂൺ-മാർച്ച് | സയൻസ് ക്ലബ് | പിടി എ |



PDF Scanner ACE Scanner

## ഉപമേഖല-ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക.<br><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് ഗണിത പാർക്ക് സജ്ജീകരിക്കൽ | ലാബ് സജ്ജീകരണം – അവധിക്കാലത്ത്<br><br>ജൂൺ - ജൂലൈ | പിടി എ ഗണിത ടീച്ചർ<br><br>പിടി എ ഗണിത ടീച്ചർ | 200000<br><br>2000 |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br><br>ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം<br><br>ജൂൺ 1 മാസം | ഗണിത ടീച്ചർ<br><br>ഗണിത ടീച്ചർ | പിടി എ |
| ഗണിത ക്ലിനിക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക് | 1 വർഷം | ഗണിത ടീച്ചർ<br><br>ഗണിത ക്ലബ് | |
| ഗണിത ലാബ് | ഗണിതത്തിനോട് കുട്ടികളുടെ താത്പര്യം വർധിപ്പിക്കുന്നതിന് ICT പ്രവർത്തനങ്ങൾ ഉപയോഗിക്കുന്നു | 1 വർഷം | ഗണിത ടീച്ചർ | |



PDF Scanner ACE Scanner

# ഉപസംഹാരം

വെണ്ണക്കര ഗവണ്മെന്റ് ഹൈസ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.